(ഡി) വിലവിവരവും സ്റ്റോക്കും പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ഉണ്ട്. പ്രദർശിപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ ഈടാക്കുന്നവർക്കെതിരെ നടപടി എടുക്കാനും നിയമമുണ്ട്. ഇപ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി

55 (5733) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിപ്രകാരം വയനാട് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് അരി ലഭ്യമാക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് പുതുതായി റേഷൻ കാർഡ് നൽകിയെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ റേഷൻ അദാലത്തുകൾവഴി പരിഹരിക്കപ്പെട്ട പരാതികളുടെ എണ്ണം വ്യക്തമാക്കുമോ ; റേഷൻ അദാലത്തിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ ; ഉണ്ടെങ്കിൽ തൃപ്തികരമാണോ ;

(ഡി) ജില്ലയിൽ പ്രധാന ടൗണുകളിൽ സപ്ലൈകോയുടെ പച്ചക്കറി ചന്തകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ രണ്ട് രൂപയ്ക്ക് അരി ലഭ്യമാക്കുന്ന ബി.പി.എൽ. കുടുംബങ്ങളുടെ മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

	ബി.പി.എൽ	എ.എ.വൈ
ബത്തേരി	8636	13974
വൈത്തിരി	8562	10822
മാനന്തവാടി	6418	12091
ആകെ	23616	36887

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിൽ പുതുതായി റേഷൻകാർഡ് ലഭിച്ച കുടുംബങ്ങളുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

	പുതുക്കലിനുശേഷം വിതരണം ചെയ്തത്			ആകെ കാർഡുകൾ		
	ബി.പി. എൽ	എ. എ. വൈ	എ.പി. എൽ	ബി.പി. എൽ	എ.എ. വൈ	എ.പി. എൽ
ബത്തേരി	6	0	3194	8636	13974	35026
വൈത്തിരി	15	7	1563	8562	10822	43604
മാനന്തവാടി	19	28	1749	6418	12091	34359
ആകെ	40	35	6506	23616	36887	112989

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ 16 പരാതികൾ അദാലത്തുകൾവഴി ലഭിക്കുകയും എല്ലാ പരാതികളും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. റേഷൻ അദാലത്തിന്റെ പ്രവർത്തനം യഥാസമയം അവലോകനം നടത്തി ആവശ്യമായ നിർദ്ദേശം നൽകാറുണ്ട്.

(ഡി) തെരഞ്ഞെടുക്കപ്പെട്ട സൂപ്പർമാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവിടങ്ങളിൽക്കൂടി ഇപ്പോൾ തന്നെ പച്ചക്കറി മിതമായ വിലയ്ക്ക് വിൽപ്പന നടത്തുന്നുണ്ട്. ഇതിനുപുറമേ ഓണത്തോടനുബന്ധിച്ച് നടത്തുന്ന ഓണചന്തകളിലും ഫെയറുകളിലും പച്ചക്കറി വിൽപ്പന ഉണ്ടായിരിക്കും.

റേഷൻ വിഹിതം

56 (5734) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്ക് ഓരോ ആഴ്ചയിലും റേഷൻ കടകൾവഴി അനുവദിച്ചിരിക്കുന്ന റേഷൻ വിഹിതങ്ങൾ ഇനം തിരിച്ച് വില സഹിതം വ്യക്തമാക്കുമോ ;

(ബി) ഓരോ ഇനവും എത്ര അളവ് വീതമാണ് ഓരോ കുടുംബത്തിനും അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) റേഷൻ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ റേഷൻ കടകളിലും മലയാളത്തിൽ വ്യക്തമായി കാണുംവിധം വലിയ അക്ഷരത്തിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുമോ ;

(ഡി) റേഷൻകടകളിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്ക് പ്രത്യേക നിറത്തിലുള്ള ബില്ലിംഗ് സംവിധാനം നടപ്പിലാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly